**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചാൻസിലറായ ഗവർണ്ണറും സർക്കാരും തമ്മിലുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളും അതിനെത്തുടർന്നുള്ള സമരങ്ങളും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ എത്തരത്തിലാണ് ബാധിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | നിലവിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നതവിദ്യാഭ്യാസ മേഖല ഇപ്പോൾ പരിഷ്കരണത്തിന്റെ പാതയിലാണ്. മികവിന്റെ കേന്ദ്രങ്ങൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ ഹോസ്റ്റലുകൾ, എന്നിവ സ്ഥാപിക്കൽ, നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കൽ ഉൾപ്പെടെ നിരവധി പുരോഗമനപരമായ മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്റ്റഡി ഇൻ കേരള, സ്കോളർ കണക്ട്, ബ്രെയിൻ ഗെയിൻ തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br><br>സമയബന്ധിതമായി പ്രവേശന നടപടികൾ പൂർത്തീകരിച്ച് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞതും പരീക്ഷ നടത്തി മൂല്യനിർണ്ണയം പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്താൻ സാധിച്ചതും എല്ലാ സർവ്വകലാശാലകളിലും കരിക്കുലവും സിലബസും പരിഷ്കരിച്ചതും ഈ മേഖലയിൽ പ്രതിസന്ധികൾ ഇല്ല എന്നതിന് തെളിവാണ്. കിഫ്ബി, റൂസ, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സർവ്വകലാശാലകൾ ആത്മാർത്ഥമായ ശ്രമം നടത്തിവരുന്നുണ്ട്.<br><br>ഇതിന്റെയെല്ലാം ഫലമായി 2025 വർഷം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) അനുസരിച്ച് സംസ്ഥാനത്തെ 4 സർവകലാശാലകൾ State Public Universities Categoryയിൽ ആദ്യ അൻപത് റാങ്കിനകത്തും 18 |

| | | | |
|---|---|---|---|
| | | | കോളജുകൾ Colleges Categoryയിൽ ആദ്യ നൂറ് റാങ്കിനകത്തും ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല മികച്ച മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. |
| (ബി) | ഇത്തരം സംഭവങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ